## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5813** **08-07-2024 - ൽ മറുപടിയ്ക്ക്**

## ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിലെയും പിടിച്ചെടുക്കുന്ന മയക്കു മരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും അളവിലെ വർദ്ധനവും കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്ത് മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതായി അനുമാനിക്കാവുന്നതാണ്. |
| (ബി) | സ്കൂളുകളിലെയും കോളേജുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ കാര്യക്ഷമമാക്കുന്നതിനായും ക്ലബ്ബുകൾക്ക് ഘടനാപരമായ ഒരു പൊതുസ്വഭാവം വരുത്തുന്നതിനും ക്ലബ്ബ് അംഗങ്ങളുടെ അച്ചടക്കം ഉറപ്പാക്കുന്നതിനും എല്ലാ സ്കൂളുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് കൃത്യമായി രജിസ്റ്റർ നമ്പർ നല്കിയിട്ടുണ്ട്. ക്ലബ്ബുകളിലെ കുട്ടികൾ സ്കൂളിൽ നിന്നും വിടുതൽ ചെയ്തു പോകുന്ന മുറയ്ക്ക് ഓരോ വർഷവും ജൂൺ, ജൂലായ് മാസങ്ങളിൽ ക്ലബ്ബുകൾ പുന:സംഘടിപ്പിക്കുന്നു. ഓരോ സ്കൂളിലെയും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ഏകോപനവും നടത്തുന്നതിന് ബന്ധപ്പെട്ട എക്സൈസ് റെയിഞ്ചിലെ ഒരു എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പാക്കുന്നതിന് എല്ലാ സ്കൂളുകളിലും ക്ലബ്ബിന്റെ മേൽനോട്ടത്തിന് ഒരു അദ്ധ്യാപകനെ ക്ലബ്ബ് കൺവീനറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നല്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വിദ്യാലയങ്ങളിലും, വിദ്യാലയ പരിസരത്തും ലഹരിയുടെ കടന്നു വരവിനെ |

| | | | |
|---|---|---|---|
| | | | ചെറുക്കുന്നതിനും, സ്വയം ലഹരി ഉപയോഗത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നതിനും, സുഹൃത്തുക്കളെയും സഹപാഠികളെയും ലഹരിയിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും വേണ്ടി, ലഹരി വിരുദ്ധ ക്ലബ്ബിൽ അംഗങ്ങൾ ആകുന്ന കുട്ടികൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ വിപുലീകരിച്ച് അവ പാലിക്കുന്നതിന് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി ബോധവൽക്കരണ ആശയങ്ങൾ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ, പാഠ്യ പാഠ്യേതര വിഷയങ്ങളുമായി ബന്ധപ്പെട്ട് അനുയോജ്യമായ രീതിയിൽ ആസൂത്രണം ചെയ്ത് എക്സൈസ് വകുപ്പും വിമുക്തി മിഷനും ചേർന്ന് ലഹരിവിരുദ്ധ ക്ലബ്ബുകൾ വഴി നടപ്പാക്കി വരുന്നുണ്ട്.<br><br>ലഹരിക്കെതിരെ കായിക ലഹരി എന്ന ലക്ഷ്യത്തോടെ സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ, വിവിധ കായിക ഇനങ്ങളിൽ "ടീം വിമുക്തി" എന്ന പേരിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. 2022-23, 2023-24 വർഷങ്ങളിലായി 1000 സ്പോർട്സ് ടീമുകൾ സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചു. "ടീം വിമുക്തി" സ്പോർട്സ് ടീമുകളെ ഉൾപ്പെടുത്തി "The Challenge Accepted" എന്ന പേരിൽ എക്സൈസ് സർക്കിൾ തലത്തിലും ജില്ലാ തലത്തിലും കായിക മത്സരങ്ങൾ നടത്തി വിജയികൾക്ക് മെഡൽ, ട്രോഫി, സർട്ടിഫിക്കറ്റുകൾ എന്നിവ നൽകി. ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്കായി ചെസ്സ്, സംവാദം, ചിത്രരചന, ഹ്രസ്വചിത്ര നിർമ്മാണം എന്നിവയുടെ മത്സരങ്ങൾ വിമുക്തി മിഷന്റെ ഭാഗമായി സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. കുട്ടികളിലെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുകയും അതുവഴി കുട്ടികളെ ബോധവൽക്കരണ പരിപാടികളിൽ പരമാവധി ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം പരിപാടികൾ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ